അനുബന്ധം VI

**ലൈഫ് മോഡൽസിന് പ്രതിഫലം നൽകുന്നതും മറ്റനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനും അനുവദിക്കുന്ന നിലവിലെ നിരക്ക് പരിശോധിക്കുന്നതിന് 26.05.2022 ന് രാവിലെ 10.30 ന് കമ്മിറ്റി ഹാളിൽവച്ച് കൂടിയ യോഗത്തിന്റെ നടപടിച്ചുരുക്കം**

ചിത്രകലാവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് എല്ലാ സെമസ്റ്ററുകളിലും പ്രായോഗിക പരീക്ഷയുടെയും പഠന പ്രക്രിയയുടെയും ഭാഗമായി ചിത്രങ്ങൾ വരയ്ക്കുന്നതിനായ് വരുന്ന ലൈഫ് മോഡൽസിന് നൽകുന്ന പ്രതിഫലവും അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനും നിലവിലെ തുക അപര്യാപ്തമാണെന്നും അതിനാൽ പുതുക്കിയ നിരക്ക് അനുവദിക്കണമെന്നും ചിത്രകലാവിഭാഗം വിഭാഗം മേധാവി അഭിപ്രായപ്പെട്ടു. ഇതര സർവകലാശാലകളിലെ തുകയിലെ വർദ്ധനവും അറിയിച്ചിട്ടുണ്ട്.

വർദ്ധനവ് അനിവാര്യമാണെങ്കിലും സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർവകലാശാലയുടെ ബജറ്റ് ശീർഷകത്തിൽ നിന്ന് നൽകാൻ സാധിക്കുന്ന തുകയായി പരിമിതപ്പെടുത്താൻ ഫിനാൻസ് ഓഫീസർ നിർദ്ദേശിച്ചു. ഓരോ വർഷവും തുകയിൽ വർദ്ധനവ് വരുത്തണമെന്നുള്ള ചിത്രകലാവിഭാഗം മേധാവി അഭിപ്രായപ്പെട്ടെങ്കിലും , ആവശ്യം വരുന്നമുറയ്ക്ക് അപേക്ഷ നൽകിയാൽ അംഗീകാരത്തിനനുസരിച്ച് വർദ്ധനവ് വരുത്താവുന്നതാണെന്നും ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാർ അറിയിച്ചു. വിശദമായ ചർച്ചകൾക്കുശേഷം കമ്മിറ്റി താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. ലൈഫ് മോഡൽസിന് നിലവിലെ തുകയായ 250/- രൂപയ്ക്ക് പകരം 500/- രൂപ നൽകുന്നതിന്
2. ചിത്രം വരയ്ക്കുന്നതിനാവശ്യമായ പ്രകൃതിദത്ത സാമഗ്രികൾ വാങ്ങുന്നതിന് അനുവദിക്കുന്ന തുക 200/- രൂപയായി വർദ്ധിപ്പിക്കുന്നതിന്
3. സ്ഥിരതയുള്ള അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിന് അനുവദിക്കുന്ന തുക 2000/- രൂപയായി വർദ്ധിപ്പിക്കുന്നതിന്
4. വിവസ്ത്രരായ (Nude) ലൈഫ് മോഡൽസിന് നൽകുന്ന പ്രതിഫലം 800/- രൂപയായി വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തു.
5. കാലത്തിനനുസരിച്ച് ലൈഫ് മോഡൽസിനും അനുബന്ധ സാമഗ്രികൾക്കും വർദ്ധനവ് വരുത്തേണ്ടതാണെങ്കിലും, അത്യാവശ്യമായ സന്ദർഭങ്ങളിൽ വകുപ്പ് മേധാവി നൽകുന്ന അപേക്ഷ പരിഗണിച്ച് തീരുമാനമെടുക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു.
6. മേൽ ശുപാർശകളുടെ അടിസ്ഥാനത്തിൽ, ചിത്രകലാ വിഭാഗത്തിന് താഴെ പറയുന്ന വിധത്തിൽ തുക അനുവദിക്കാമെന്ന് ശുപാർശ ചെയ്തു.

| ക്രമ നം. | വിവരങ്ങൾ | അനുവദിക്കുന്ന തുക |
|---|---|---|
| 1 | ലൈഫ് മോഡൽസിന് 500/- രൂപ നിരക്കിൽ പ്രതിഫലം അനുവദിക്കുന്നത്<br>1. ഒന്നാം വർഷം (ചിത്രകല) 2 മോഡൽസ് x 4 മാസങ്ങൾ x 500 രൂപ = 4,000/- രൂപ<br>2. രണ്ടാം വർഷം (ചിത്രകല, ശില്പകല, ചുവർ ചിത്രകല) 9 മോഡൽസ് x 4 മാസങ്ങൾ x 500 രൂപ = 18,000/- രൂപ<br>3. മൂന്നാം വർഷം (ചിത്രകല, ശില്പകല, ചുവർ ചിത്രകല) 9 മോഡൽസ് x 4 മാസങ്ങൾ x 500 രൂപ = 18,000/- രൂപ<br>4. നാലാം വർഷം (ചിത്രകല, ശില്പകല) 8 മോഡൽസ് x 4 മാസങ്ങൾ x 500 രൂപ = 16,000/- രൂപ<br>5. (1). ചിത്രകല ബിരുദാനന്തര ബിരുദം - ഒന്നാമത്തെയും മൂന്നാമത്തെയും സെമസ്റ്റർ 4 മോഡൽ വീതം x 500/- രൂപ = 4,000/- രൂപ<br>(2) രണ്ടാം സെമസ്റ്റർ 3 മോഡൽസ് x 500 രൂപ = 1,500/- രൂപ<br>(3) നാലാം സെമസ്റ്റർ 6 മോഡൽസ് x 500 രൂപ = 3,000/- രൂപ | 64,500/- രൂപ |
| 2 | പ്രകൃതിദത്ത വസ്തുക്കൾ വാങ്ങുന്നതിന്<br>( ഒരു മാസത്തേയ്ക്ക് 3 പ്രാവിശ്യം x 4 മാസങ്ങൾ x 200 രൂപ ) | 2,400/- രൂപ |
| 3 | സ്ഥിര വസ്തുക്കൾ ഓരോ സെമസ്റ്ററിലും വാങ്ങുന്നതിന് | 2,000/- രൂപ |
| | ആകെ അനുവദിക്കുന്ന തുക | 68,900/- രൂപ |

യോഗം 11.30 മണിക്ക് അവസാനിച്ചു.

ഒപ്/-
സുനിൽ കുമാർ എസ്.
ഫിനാൻസ് ഓഫീസർ

ഒപ്/-
ബാബു കെ
വകുപ്പ് മേധാവി
(ചിത്രകലാ വിഭാഗം)

ഒപ്/-
ഡോ. ടി ജി ജ്യോതിലാൽ
അസി.പ്രൊഫസർ
(ചിത്രകലാ വിഭാഗം)

ഒപ്/-
സുകേഷ് കെ ദിവാകർ
ജോ.രജിസ്ട്രാർ
ഭരണ വിഭാഗം